തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

Break the chain
കൈവിടാതിരിക്കാം... കൈ കഴുകു...

## സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - കോവിഡ്-19 വ്യാപനം ഫലപ്രദമായി നിയന്ത്രിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ സർവകലാശാല തലത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം**

**നമ്പർ: 698/എ1/2020/അഡ്മിൻ.** **തിരൂർ: തീയതി 27.04.2021**

പരാമർശം:- 1) 20.04.2021 ലെ 698/എ1/2020/അഡ്മിൻ. നമ്പർ സർവകലാശാല ഉത്തരവ്.
2) 21.04.2021 ലെ GO(Rt) No. 378/2021/DMD നമ്പർ സർക്കാർ ഉത്തരവ്.
3) 26.04.2021 ലെ GO(Rt) No. 383/2021/DMD നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലാ കോവിഡ് ജാഗ്രതാസമിതി യോഗതീരുമാനങ്ങൾ നടപ്പിലാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം സർവകലാശാല ഉത്തരവ് ഇറക്കിയിരുന്നു.

2) പരാമർശം (2), (3) പ്രകാരം കോവിഡ് പോസിറ്റീവ് കേസുകളുടെ എണ്ണത്തിൽ കുതിച്ചുചാട്ടം ഉണ്ടായ സാഹചര്യത്തിൽ പ്രതിരോധത്തിനായി കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ ഇറക്കുകയുണ്ടായി.

3) മേൽ സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ സർവകലാശാലാതലത്തിൽ പരാമർശം (1) ഉത്തരവിനു തുടർച്ചയായി താഴെ പറയുന്ന ഉത്തരവുകൾ കൂടി പുറപ്പെടുവിക്കുന്നു.

i) ബിരുദാനന്തരബിരുദ വിദ്യാർത്ഥികളുടെ പ്രായോഗികപരിശീലനത്തിന് ഓഫ്‌ലൈൻ സ്പെഷ്യൽ ക്ലാസുകൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ നടത്തേണ്ടതില്ല.

ii) ഓൺലൈൻ സ്പെഷ്യൽ ക്ലാസുകൾ തുടരാവുന്നതാണ്.

iii) സർവകലാശാലയിൽ 50% ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ വീട്ടിൽനിന്നും ജോലിചെയ്യാൻ അനുവദിക്കുന്നതു സംബന്ധിച്ചും സർവകലാശാലയിൽ സ്ഥിരം ജീവനക്കാരുടെ കുറവുള്ള സാഹചര്യത്തിൽ സർവകലാശാല പ്രവർത്തിക്കാൻ അവശ്യം വേണ്ട സ്റ്റാഫിന്റെ എണ്ണം സംബന്ധിച്ചും രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവർ കൂട്ടായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതായിരിക്കും.

iv) എല്ലാ യോഗങ്ങളും ഓൺലൈൻ മോഡിൽ മാത്രമേ നടത്തുവാൻ പാടുള്ളൂ.

v) സാമൂഹ്യമോ, രാഷ്ട്രീയമോ, സാംസ്കാരികമോ, മതപരമോ ആയ യാതൊരു ചടങ്ങുകളോ, കൂട്ടായ്മകളോ സർവകലാശാലയ്ക്കകത്തോ കാമ്പസിലോ നടത്താൻ പാടുള്ളതല്ല.

vi) ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ശനിയാഴ്ചകളിൽ സർവകലാശാലയ്ക്ക് അവധിയായിരിക്കും.

**ഡോ. ഷൈജൻ ഡി.**
**രജിസ്ട്രാർ**

പകർപ്പ്:

വി.സി. കാര്യാലയം/ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
ഡയറക്ടർമാർ/പരീക്ഷാവിഭാഗം/ലൈബ്രറി/പി.ആർ.ഒ./പ്രസിദ്ധീകരണവിഭാഗം/